കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകൾ

166(2635) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഏതെല്ലാം സോഫ്റ്റ്വെയറുകളാണ് ഇപ്പോൾ ഉപയോഗിക്കുന്നത്; ഇവ തയ്യാറാക്കിയ കമ്പനിയുടെ പേരും ഓരോന്നിനും ചെലവായ തുകയും വ്യക്തമാക്കാമോ;

(ബി) ജിക്ക പദ്ധതിയുടെ ഭാഗമായ ഇ-ഗവേണൻസ് പദ്ധതിയിൽ ഏതെല്ലാം സോഫ്റ്റ്വെയർ പാക്കേജുകളാണ് വിഭാവന ചെയ്തിരിക്കുന്നത്; ഇതിൽ എത്രയെണ്ണം പൂർത്തിയായി; മറ്റുള്ളവ ടെണ്ടർ ചെയ്ത പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഇവ ഓരോന്നിനും എന്ത് തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകളുടെ പേരും തയ്യാറാക്കിയ കമ്പനിയുടെ പേരും തയ്യാറാക്കിയതിന് ചെലവായ തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി) ജിക്ക പദ്ധതിയുടെ ഭാഗമായി Complaint Redressal System (CRS), Project Monitoring System (PMS), Management Information System (MIS)/Enterprises Resource Planning (ERP) എന്നിവയാണ് വിഭാവന ചെയ്തിരുന്നത്. ഇതിൽ CRS-ഉം PMS-ഉം പൂർത്തിയായിട്ടുണ്ട്. ERP സിസ്റ്റത്തിനുവേണ്ടി ടെണ്ടർ ചെയ്ത് കോൺട്രാക്ടറെ സെലക്ട് ചെയ്തിരിക്കുകയാണ്. ഫണ്ട് ലഭ്യതയനുസരിച്ച് പണികൾ തുടങ്ങുന്നതാണ്.

(സി) CRS - 26 ലക്ഷം രൂപ

PMS - 38 ലക്ഷം രൂപ

ERP - തുകയൊന്നും ചെലവായിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/242/2020-35

LIBRARY ARCHIVES Kerala Legislative Assembly